കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനക്കാര്യം - സംസ്ഥാന ടൂറിസം ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീമതി. പ്രീതി. എസ്. ഭാസ്കറിന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ നിയമനത്തിന് അനുമതി നല്കി ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം. 1834/2015/തസ്വഭവ തീയതി, തിരുവനന്തപുരം. 19.06.2015**

---

പരാമർശം:
1. സ.ഉ(പി)നം. 05/2013/ഉഭപവ തീയതി 06.02.2013.
2. ശ്രീമതി. പ്രീതി. എസ്. ഭാസ്കറിന്റെ 15.12.2014 ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 23.03.2015 ലെ ഇ 6-48579/2014 നമ്പർ കത്ത്.
4. സംസ്ഥാന ടൂറിസം ഡയറക്ടറുടെ 11.12.2014 ലെ ഇ 1-11861/2013 നമ്പർ കത്ത്

## <u>ഉത്തരവ്</u>

സംസ്ഥാന ടൂറിസം ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീമതി. പ്രീതി. എസ്. ഭാസ്കർ അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ നിയമനത്തിനായി പരാമർശം 2 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ശ്രീമതി. പ്രീതി. എസ്. ഭാസ്കർ ആസ്ഥാന ഒഴിവിൽ 27.03.2013 ൽ സംസ്ഥാന ടൂറിസം ഡയറക്ടറേറ്റിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ടിയാളുടെ ജില്ലയായ കോട്ടയം ജില്ലയിൽ ക്ലാർക്ക് തസ്തിക നിലവിലില്ലെന്നും അന്തർ വകുപ്പ് സ്ഥലം മാറ്റം നല്കുന്ന പക്ഷം ജോലിയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്നും സംസ്ഥാന ടൂറിസം ഡയറക്ടർ പരാമർശം 4 പ്രകാരം അറിയിച്ചിട്ടുണ്ട്. ടിയാൾക്ക് അന്തർവകുപ്പ് സ്ഥലംമാറ്റ വ്യവസ്ഥയിൽ നിയമനം നല്കുന്നതിന് കോട്ടയം ജില്ലയിൽ നിശ്ചിത ശതമാന പരിധിയിൽ ഒഴിവ് നിലവിലുള്ളതായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പഞ്ചായത്ത് ഡയറക്ടർ പരാമർശം 3 പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 1 ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാന ടൂറിസം ഡയറക്ടറേറ്റിലെ ക്ളാർക്ക് ശ്രീമതി. പ്രീതി. എസ്. ഭാസ്കറിന് അന്തർ വകുപ്പ് സ്ഥലംമാറ്റം വഴി പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീമതി. പ്രീതി. എസ്. ഭാസ്കർ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം]

**ശ്രീകല.സി.എസ്**
അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
ശ്രീമതി. പ്രീതി. എസ്.ഭാസ്കർ, സംസ്ഥാന ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ആഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ